# Std. 4 - Chapter 1 - Revision - Main points

## പാഠം 1: ഈശോ ജീവന്റെ ഉറവിടം

| No. | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | സീറോ മലബർ സഭയുടെ വിശ്വാസ പരിശീലന പാഠപുസ്തക പരമ്പരയുടെ പേര് | **രക്ഷയുടെ പാതയിൽ** |
| 2 | നാലാം ക്ലാസ്സിലെ പുസ്തകത്തിന്റെ പേര് | **ജീവന്റെ നീർച്ചാലുകൾ** |
| 3 | നാലാം ക്ലാസ്സിലെ പുസ്തകത്തിന്റെ ഒന്നാം പാഠത്തിന്റെ പേര് | **ഈശോ ജീവന്റെ ഉറവിടം** |
| 4 | **1. എന്തിനോടാണ് ഈശോ തന്നെത്തന്നെ ഉപമിച്ചിരിക്കുന്നത്?** | **ഈശോ തന്നെത്തന്നെ സാക്ഷാൽ മുന്തിരിച്ചെടിയോടാണ് ഉപമിച്ചിരിക്കുന്നത്. ദൈവപിതാവിനെ കൃഷിക്കാരനായും നമ്മെ മുന്തിരിച്ചെടിയുടെ ശാഖകളായും ഈശോ ഉപമിക്കുന്നു.** |
| 5 | ഈശോയുടെ പിതാവിനെ ആരോടാണ് ഉപമിച്ചത്? | **കൃഷിക്കാരനോട്.** |
| 6 | ഈശോയുടെ ശിഷ്യന്മാരെ എന്തിനോടാണ് ഉപമിച്ചത്? നാം എന്തിനോടാണ് ഉപമിക്കപ്പെട്ടിരിക്കുന്നത്? | **മുന്തിരിച്ചെടിയുടെ ശാഖകളോട്.** |
| 7 | ഫലം തരാത്ത ശാഖകളെ കൃഷിക്കാരൻ എന്ത് ചെയ്യുന്നു? | **അവ നീക്കിക്കളയുന്നു.** |
| 8 | ഫലം തരുന്ന ശാഖകളെ കൃഷിക്കാരൻ എന്ത് ചെയ്യുന്നു? | **കൂടുതൽ ഫലം കായ്ക്കാൻ അവ വെട്ടിയൊരുക്കുന്നു.** |
| 9 | ശാഖകൾക്ക് ജീവരസം എങ്ങനെ ലഭിക്കുന്നു? | **തായ്ത്തണ്ടിനോട് ചേർന്നുനിൽക്കുമ്പോൾ ജീവരസം ലഭിക്കുന്നു.** |
| 10 | ജീവരസം ശാഖകൾക്ക് എന്താണ് നൽകുന്നത്? | **വളരാനും ഫലം പുറപ്പെടുവിക്കാനും ആവശ്യമായ ശക്തി നൽകുന്നു.** |
| 11 | ശാഖകൾ തായ്ത്തണ്ടിൽ നിന്ന് വേർപെട്ടാൽ എന്ത് സംഭവിക്കും? | **അവ ഉണങ്ങിപ്പോകുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യും.** |
| 12 | ഈശോയെ വിട്ട് ജീവിക്കുന്നവരുടെ അവസ്ഥ എന്താണ്? | **അവർ ആത്മീയജീവൻ നഷ്ടപ്പെടുത്തി ദൈവത്തിൽ നിന്ന് അകന്നുപോകും.** |
| 13 | നമുക്ക് ജീവൻ ലഭിക്കുന്നത് ആരിൽ നിന്നാണ്? | **ഈശോയിൽ നിന്നാണ്.** |
| 14 | ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് എന്ത് ലഭിക്കുന്നു? | **ദൈവികജീവൻ ലഭിക്കുന്നു.** |
| 15 | **2. ദൈവികജീവൻ ലഭിക്കാൻ നമ്മൾ എന്തു ചെയ്യണം?** | **ഈശോയിൽ വിശ്വസിക്കുകയും അവിടുത്തെ വചനങ്ങൾ പാലിക്കുകയും ഈശോയോട് ചേർന്നുനിന്ന് ജീവിക്കുകയും വേണം. അങ്ങനെ ജീവിക്കുന്നവർക്ക് ദൈവികജീവൻ ലഭിക്കുന്നു.** |
| 16 | ഈശോ ലോകത്തിലേക്ക് വന്നതിന്റെ ലക്ഷ്യം എന്താണ്? | **എല്ലാവർക്കും ജീവൻ ലഭിക്കാനും അത് സമൃദ്ധമായി ലഭിക്കാനുമാണ്.** |
| 17 | ഈശോയോട് ചേർന്നുനിൽക്കാൻ നാം എന്ത് ചെയ്യണം? | **അവിടുത്തെ വചനങ്ങൾ പാലിച്ച് ജീവിക്കണം.** |
| 18 | ഈശോയുടെ സ്നേഹത്തിൽ നിലനിൽക്കാനുള്ള മാർഗം എന്താണ്? | **ഈശോയുടെ കല്പനകളും വചനങ്ങളും പാലിക്കണം.** |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 19 | **3. ഈശോയെ വിശ്വസിച്ചും സ്നേഹിച്ചും അവിടുത്തോട് ചേർന്നുനിൽക്കാൻ നാം എന്തു ചെയ്യണം?** | **ഈശോയുടെ വചനങ്ങളും കല്പനകളും അനുസരിച്ച് ജീവിക്കണം. ഈശോയെ സ്നേഹിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുകയും ചെയ്താൽ നാം ഈശോയോട് ചേർന്നുനിൽക്കും.** |
| 20 | ഈശോയുടെ വചനങ്ങൾ പാലിക്കാതിരുന്നാൽ എന്ത് സംഭവിക്കും? | **നാം ഈശോയിൽ നിന്ന് അകന്നുപോകുകയും ദൈവികജീവൻ നഷ്ടപ്പെടുകയും ചെയ്യും.** |
| 21 | ഈശോയെ സ്നേഹിക്കുന്നവർ എങ്ങനെ ജീവിക്കണം? | **അവിടുത്തെ വചനങ്ങൾ അനുസരിച്ച് ജീവിക്കണം.** |
| 22 | നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ നാം എന്ത് ചെയ്യണം? | **ഈശോയെ സ്നേഹിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുകയും വേണം.** |
| 23 | **4. ഈശോയിൽ നിന്ന് അകലുമ്പോൾ നമുക്ക് എന്തു സംഭവിക്കുന്നു?** | **ഈശോയിൽ നിന്ന് അകലുമ്പോൾ നമുക്ക് ദൈവികജീവൻ നഷ്ടമാകുന്നു. നാം ഈശോയുടെ സ്നേഹത്തിൽ നിന്ന് അകന്നുപോകുകയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയാതെയാകുകയും ചെയ്യുന്നു.** |
| 24 | ഈ പാഠത്തിന്റെ പ്രധാന സന്ദേശം എന്താണ്? | **ഈശോയോട് ചേർന്നുനിന്ന് അവിടുത്തെ വചനങ്ങൾ പാലിക്കുമ്പോഴാണ് ദൈവികജീവൻ ലഭിക്കുകയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കാനും കഴിയുകയും ചെയ്യുന്നത്.** |
| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | **'ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്.' (യോഹന്നാൻ 15:1)** | |
| 2 | **'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്.' (യോഹന്നാൻ 15:5)** | |
| 3 | **'ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്.' (യോഹന്നാൻ 10:10)** | |
| 4 | **'നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും.' (യോഹന്നാൻ 15:10)** | |
| **C.** | **ഓർമ്മിക്കേണ്ട പ്രധാന കാര്യങ്ങൾ** | |
| | **ഈശോ = മുന്തിരിച്ചെടി.** | |
| | **ദൈവപിതാവ് = കൃഷിക്കാരൻ.** | |
| | **നാം = ശാഖകൾ.** | |
| | **ഈശോയിൽ നിന്ന് ദൈവികജീവൻ ലഭിക്കുന്നു.** | |
| | **ഈശോയുടെ വചനങ്ങൾ പാലിക്കണം.** | |
| | **ഈശോയോട് ചേർന്നുനിൽക്കുന്നവർ നല്ല ഫലങ്ങൾ പുറപ്പെടുവിക്കും.** | |
| | **ഈശോയിൽ നിന്ന് അകന്നാൽ ദൈവികജീവൻ നഷ്ടമാകും.** | |
| Note for all chapters | **ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ശരിയായ ഉത്തരം ഉത്തരപ്പട്ടികയിൽനിന്നും എടുത്തെഴുതുക, തരംതിരിച്ചെഴുതുക, പൂരിപ്പിക്കുക, ചേരുംപടി ചേർക്കുക, ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്. പാഠാവസാനത്തെ ചോദ്യങ്ങളാണ് രണ്ടാമത്തെ കോളത്തിൽ നമ്പർ ഇട്ടു നല്കിയിരിക്കുന്നത്. ഒരു ചോദ്യത്തിന്റെ ഉത്തരം ഒറ്റ വാക്കിലാണ് എഴുതേണ്ടതെങ്കിൽ ഉത്തരം മാത്രമെഴുതുക. എന്നാൽ അത് ഒരു വാക്യത്തിലാണ് എഴുതേണ്ടതെങ്കിൽ ചോദ്യത്തിൽനിന്നും വാക്കുകൾ കൂട്ടിച്ചേർത്തു പൂർണരൂപത്തിൽ ഉത്തരമെഴുതുക. | |
| | *Suggestions, if any, may please be sent to annmariapublishers@gmail.com* | |